"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ബിജി.എ.എസ്., കൺസൾട്ടന്റ് (O&G) - സ്ഥലംമാറ്റ നിയമനം നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1447/2024/H&FWD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.2639/2023/ആകുവ തീയതി 11.10.2023.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.04.2024-ലെ EB3-9408/2024/DHS നമ്പർ കത്ത്.
3. ഡോ.ബിജി.എ.എസ്. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-807/2024-ന്മേലുള്ള 24.05.2024-ലെ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ്</u>**

2023-ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ബിജി എ.എസ്. സർക്കാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA No.924/2023 ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. തിരുവനന്തപുരം നഗരാതിർത്തിക്ക് ഉള്ളിലെ ആശുപത്രികളിൽ കൺസൾട്ടന്റ് (O&G) തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിൽ ഡോ.ബിജി.എ.എസ്.-ന് നിയമനം നൽകുവാൻ സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടി ഹർജിയിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 31.07.2023-ലെ ഉത്തരവ് അനുവർത്തനം ചെയ്യുകയുണ്ടായി.

2) 30.04.2024-ൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ വിരമിക്കൽ മൂലം ഒഴിവ് നിലിവിൽ വരാൻ സാധ്യത മുന്നിൽകണ്ട് വർക്കല താലൂക്ക് ആശുപത്രിയിലേയ്ക്ക് 2023 പൊതുസ്ഥലംമാറ്റം ലഭിച്ച ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ശോഭ കുമാരി.ഒ. ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 129/2024-ന്മേലുള്ള 07.02.2024-ലെ ഉത്തരവിൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകണമെന്ന അഭ്യർത്ഥിച്ചുകൊണ്ട് ഡോ.ശോഭകുമാരി.ഒ. സമർപ്പിച്ച അപേക്ഷ, ടി ആശുപത്രിയിൽ നിയമിക്കപ്പെടണമെന്ന ഡോ.ബിജി.എ.എസ്.-ന്റെ അവകാശവാദത്തിനൊപ്പം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഡോ.ബിജി.എ.എസ്. റിവ്യൂ അപ്ലിക്കേഷൻ നം.18/2024 ഫയൽ ചെയ്യുകയും, 08.04.2024-ലെ ഉത്തരവ് പ്രകാരം 07.02.2024-ലെ ഉത്തരവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയുമുണ്ടായി.

3) തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ വന്ന ഒഴിവിൽ നിയമനം നൽകുവാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ച് ഡോ.ബിജി.എ.എസ്. ട്രൈബ്യൂണൽ മുമ്പാകെ OA 807/2024 ഹർജി ഫയൽ ചെയ്യുകയും, റിവ്യൂ പെറ്റീഷൻ നം.18/2024-ന്മേലുള്ള 08.04.2024-ലെ സ്റ്റേ ഉത്തരവ്, ഡോ.ബിജി.എ.എസ്.-ന് നിയമനം നൽകുന്നതിന് തടസ്സമാകില്ല എന്ന് 24.05.2024-ന് ഹർജി പരിഗണിച്ച ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4) തിരുവനന്തപുരം നഗരാതിർത്തിക്ക് ഉള്ളിലുള്ള ആശുപത്രിയിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റം നൽകുന്നത് പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുള്ളതിനാലും, 30.04.2024-ന് ഒഴിവ് വന്ന തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനത്തിന് അപേക്ഷ നൽകിയ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ശോഭ.ഒ.-യെക്കാൾ ഔട്ട് സ്റ്റേഷൻ സർവ്വീസ് ഡോ.ബിജി.എ.എസ്.-ന് കൂടുതലുള്ളതിനാലും (ഡോ.ശോഭ.ഒ.-ക്ക് 3 വർഷവും ഡോ.ബിജി.എ.എസ്.-ന് 17 വർഷവും ഔട്ടസ്റ്റേഷൻ സർവ്വീസ്) ടിയാളെ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്തിൽ ശിപാർശ ചെയ്തിരിക്കുന്നു.

5) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ബഹു:ട്രൈബ്യൂണലിന്റെ OA No.924/2023-ന്മേലുള്ള 31.07.2023-ലെ ഉത്തരവ് പൂർണ്ണമായി അനുവർത്തനം ചെയ്തു കൊണ്ട് പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡോ.ബിജി.എ.എസ്.-നെ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
ഡോ.ബിജി.എ.എസ്., കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 14-06-2024 14:45:40

മേലെഴുത്ത് നം: 9408/2024/ആവഡ
തീയതി. 14/06/2024
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.
14/6/24
ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി